LIBRARY ARCHIVES Kerala Legislative Assembly

കമാന്റ് ഏരിയ വികസന പദ്ധതി

13 (*779) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. സി. ജോർജ് :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമാന്റ് ഏരിയ വികസന പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കമാന്റ് ഏരിയ വികസന അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) കാർഷിക ഉല്പാദനത്തിൽ കമാന്റ് ഏരിയ വികസന പദ്ധതികൊണ്ട് യാതൊരു നേട്ടങ്ങളും ഉണ്ടാക്കാൻ കഴിയുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ജനപങ്കാളിത്തത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) പണി പൂർത്തീകരിച്ച ജലസേചന പദ്ധതി പ്രദേശങ്ങളുടെ സമഗ്ര വികസനമാണ് കാഡയുടെ ലക്ഷ്യം. ഫീൽഡുകളിൽ ജലം എത്തിക്കുന്നതിനുള്ള ഫീൽഡ് ചാനൽ, ലാന്റ് റിക്ലമേഷൻ പണികൾ, കൃഷി വിഭാഗത്തിൽ അഡാപ്ടീവ് ട്രയൽ, ഡമോൺസ്ട്രേഷൻ, കർഷകർക്കുള്ള പരിശീലന പരിപാടി, ചെറുകിട/നാമമാത്ര കർഷകർക്കുള്ള സഹായം, മണ്ണുസംരക്ഷണം എന്നിവയാണ് കാഡയുടെ പ്രവർത്തനമേഖലയിൽ വരുന്നത്.

(സി) ഇല്ല.

(ഡി) ജനപങ്കാളിത്തത്തോടുകൂടി തന്നെയാണ് ഇപ്പോൾ ഈ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ

14 (*780) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള പദ്ധതികൾക്ക് കേന്ദ്രം ഏതെല്ലാം വിധത്തിലുള്ള സാമ്പത്തിക സഹായം നൽകുന്നുണ്ട് ;